ഉത്തരം

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യും എനർജി മാനേജ്മെന്റ് സെന്ററും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കിയ എനർജി സ്മാർട്ട് സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് 2011-12 കാലയളവിൽ "നാളേക്കിത്തിരി ഊർജ്ജം" പദ്ധതി നടപ്പിലാക്കിയത്.

(ബി) ഊർജ്ജ സംരക്ഷണം പാഠ്യപദ്ധതികളുടെ ഭാഗമാക്കി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും പ്രാദേശിക കൂട്ടായ്മകളിലൂടെ ഊർജ്ജ സംരക്ഷണം സാദ്ധ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

(സി) കേരളത്തിലെ എല്ലാ സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയുന്ന പരിപാടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. ഊർജ്ജ സംരക്ഷണ പദ്ധതികൾ തയ്യാറാക്കൽ
2. അദ്ധ്യാപക പരിശീലന പരിപാടികൾ
3. പാഠ്യവിഷയങ്ങളിലൂടെ ഊർജ്ജ സംരക്ഷണത്തിൽ പ്രായോഗിക പരിജ്ഞാനം
4. ഊർജ്ജ സംരക്ഷണ മത്സരപരിപാടികൾ

എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കുന്ന പദ്ധതികൾ

2 (7838) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. ശെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി മനേജ്മെന്റ് സെന്റർ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) ഊർജ്ജ സംരക്ഷണത്തിനും വിവിധ മേഖലകളിലെ ഊർജ്ജം ലാഭിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) എത്ര കോടി രൂപ പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നിർവ്വഹണത്തിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. ഊർജ്ജകാര്യക്ഷമതയും ഊർജ്ജസംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി വിവിധ മേഖലകളിൽ മികച്ച രീതിയിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എല്ലാ വർഷവും കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡുകൾ നൽകിവരുന്നു.

2. വ്യവസായശാലകളിലും വൻകിട കെട്ടിടങ്ങളിലും ഊർജ്ജകാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഊർജ്ജ ഓഡിറ്റിങ്ങ്.

3. വൻകിട വ്യവസായശാലകളുടെയും ഗാർഹിക മേഖലയിലേയും ഊർജ്ജ ഓഡിറ്റിങ്ങ് നടത്തുന്നതിനുവേണ്ടി യോഗ്യത നേടിയ ഊർജ്ജ ഓഡിറ്റർമാരെ എംപാനൽ ചെയ്യുക. ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദഗ്ദ്ധ സമിതിയെ കൊണ്ട് പരിശോധിപ്പിക്കൽ.

4. വ്യവസായശാലകൾ, വൻകിട കെട്ടിടങ്ങൾ, സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നു. വിളക്കുകളുടെ ഊർജ്ജകാര്യക്ഷമത ഉറപ്പു വരുത്തുന്നതിനുവേണ്ടി ഊർജ്ജകാര്യക്ഷമത കൂടിയ ലൈറ്റ് എമിറ്റിംഗ് ഡയോഡ് (എൽ.ഇ.ഡി.) അധിഷ്ഠിതമായ തെരുവ് വിളക്കുകളുടെ സ്ഥാപിക്കൽ.

5. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം കേരളത്തിൽ നടപ്പിലാക്കുന്ന സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി എന്ന നിലയിൽ കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ പദ്ധതികളും എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കിവരുന്നു.

6. കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കൈവരിക്കുന്നതിനുവേണ്ടി ഊർജ്ജ സംരക്ഷണ നിയമത്തിന്റെ ഭാഗമായി തയ്യാറാക്കിയ എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് കേരളത്തിൽ നടപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി വിവിധതരം ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

2. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായി നിർബന്ധ ഊർജ്ജ ആഡിറ്റിങ് (HT/EHT) നടപ്പിലാക്കിവരുന്നു.

3. വ്യവസായശാലകളിൽ ഊർജ്ജ ആഡിറ്റ് നടത്തുന്നതിനായി ഇരുപത്തിയേഴോളം ഊർജ്ജ ആഡിറ്റർമാരെ എംപാനൽ ചെയ്തിട്ടുണ്ട്.

4. വ്യവസായശാലകളിൽ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേക്കായുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കെ.എഫ്.സി. മുഖാന്തിരം 6% പലിശ നിരക്കിൽ വായ്പകൾ നൽകിവരുന്നു.

5. സർക്കാർ ആഫീസുകളിൽ വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനായി 29 സർക്കാർ ആഫീസുകളിൽ ഊർജ്ജ ആഡിറ്റിങ് നടത്തുകയും ഏഴ് സർക്കാർ ആഫീസുകളിൽ ഊർജ്ജകാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾ മാറ്റി പകരം വൈദ്യുത ഉപഭോഗം കുറഞ്ഞ ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.

6. ഗാർഹിക മേഖലയിൽ ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിലേക്കായി ഊർജ്ജക്ലിനിക് പ്രോഗ്രാം നടപ്പിലാക്കി വരുന്നു. വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേയ്ക്കായി സ്മാർട്ട് എനർജി പ്രോഗ്രാം നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധയിനം മത്സരപരിപാടികളും നടപ്പിലാക്കിവരുന്നു.

7. വിവിധ മേഖലകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ മികച്ചരീതിയിൽ നടപ്പിലാക്കിവരുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കേരള സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് നൽകി ആദരിച്ചുവരുന്നു.

8. ഊർജ്ജകാര്യക്ഷമത കൂടിയ തെരുവു വിളക്കുകളുടെ പ്രചാരം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിലെ 60 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലും 45 walts ശേഷിയുള്ള 100 വീതം എൽ.ഇ.ഡി. അധിഷ്ഠിതമായ തെരുവുവിളക്കുകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

- സംസ്ഥാന ഊർജ്ജസംരക്ഷണ അവാർഡ് - 20 ലക്ഷം
- ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ - 105 ലക്ഷം
- സി.എഫ്.എൽ.-കളുടെ സുരക്ഷിത നിർമ്മാർജ്ജനം - 10 ലക്ഷം
- ഊർജ്ജസംരക്ഷണ നിധി - 33 ലക്ഷം
- ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനം - 220 ലക്ഷം

(ഡി) പദ്ധതി നിർവ്വഹണത്തിനായി ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഊർജ്ജ സംരംക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്താനായി ഊർജ്ജ വകുപ്പ് സെക്രട്ടറി ചെയർമാനായി സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും നിലവിലുണ്ട്.

എനർജി സ്മാർട്ട് സ്കൂൾ പദ്ധതി

3 (7839) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സ്മാർട്ട് സ്കൂൾ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ; വിശദമാക്കുമോ ;

(സി) ഏതൊക്കെ തരം സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത് ;

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യും എനർജി മാനേജ്മെന്റ് സെന്ററും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നടപ്പിലാക്കിയ എനർജി സ്മാർട്ട് സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് 2011-12 കാലയളവിൽ "നാളേക്കിത്തിരി ഊർജ്ജം" പദ്ധതി നടപ്പിലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly